**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2798** | **17.06.2019-ൽ മറുപടിക്ക്**

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സണ്ണി ജോസഫ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിൽ 1 മുതൽ 50 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് ഏറ്റവും കുറഞ്ഞ വേതനം ഇരുപതിനായിരം രൂപ ആയിരിക്കണമെന്നും, 51 മുതൽ 100 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 25 ശതമാനം കുറഞ്ഞ തുക ആയിരിക്കണമെന്നുമുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) ബഹു.സുപ്രീംകോടതിയുടെ 527/2011 നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ രൂപീകൃതമായ കമ്മിറ്റിയുടെ ശിപാർശകൾ കൂടി പരിഗണിച്ചശേഷമാണ് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചത്. ആയതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ആശുപത്രി ഉടമകളുമായും തൊഴിലാളി സംഘടനകളുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലും സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ആശുപത്രികളിലെ വിവിധ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരടക്കമുള്ള സ്വകാര്യ ആശുപത്രികളിലെ വിവിധ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 16.11.2017-ൽ 375/ഇ 1/2017/തൊഴിൽ നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുമുണ്ടായി. ടി വിജ്ഞാപനം സംബന്ധിച്ച സർക്കാരിന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും മിനിമം വേതന ഉപദേശക സമിതി വിശദമായി പരിശോധിക്കുകയും തുടർന്ന് |

| | |
|---|---|
| | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതു സംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലെ വിവിധ ജീവനക്കാരുടെ മിനിമം വേതനം, 23.04.2018 -ലെ ജി.ഒ.(പി) 33/2018/തൊഴിൽ നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിധി സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ബി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്ത് തൊഴിലുടമകൾ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും മിനിമം വേതന ഉത്തരവ് നടപ്പിലാക്കാത്ത ആശുപത്രി ഉടമകൾക്കെതിരെ coersive steps എടുക്കാൻ പാടില്ല എന്ന തരത്തിൽ ഇടക്കാല സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മിനിമം വേതനം നല്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ.